സാരംഗിൽനിന്ന് സ്നേഹപൂർവം–5

അങ്ങിനെ വീണ്ടും ഡോ. ട്രീസയെ ഞങ്ങൾ കാണുന്നു. അവർക്ക് എന്തുകൊണ്ടോ ഞങ്ങളോട് നല്ല അടുപ്പമുണ്ടായിരുന്നു. മോനെ അവർക്ക് വളരെ ഇഷ്ടമായിരുന്നു. അവനെയെടുത്തവർ വാത്സല്ലിച്ചു. ഒരു നാടൻ അമ്മയെപ്പോലെ അവർ കൊഞ്ചിച്ചു. അവർ തികച്ചും നാടൻ സ്ത്രീയായൊരു ഡോക്ടറാണ്. അവരുടെയടുത്തു പോയിവരുന്ന ഓരോ രോഗിയും ആശ്വാസത്തോടും സന്തോഷത്തോടും കൂടിയാണ് പുറത്തിറങ്ങിവരുന്നതെന്ന് ഞങ്ങൾ നിരീക്ഷിച്ചു.

തന്റെ ഭർത്താവ് ശിശുരോഗ വിദഗ്ധനാണെന്നും താൻ തന്നെ വിവരങ്ങളെല്ലാം പറയാമെന്നും അവർ ഞങ്ങളോടു പറഞ്ഞു. അങ്ങിനെ അദ്ദേഹത്തെക്കാത്ത് ഞങ്ങൾ വരാന്തയിൽ നില്ക്കുമ്പോൾ ഞങ്ങളൊരു 'കമന്റ്' കേട്ടു.

'ദെ വിൽ സ്പോയിൽ ദെയർ ചൈൽഡ്'. 'അവരുടെ കുട്ടിയെ അവർ നശിപ്പിക്കുമെന്ന്!

തുറന്നുകിടക്കുന്ന മുറിയിൽ ഡോ. ട്രീസയും ഭർത്താവും ഞങ്ങളെ നോക്കിനില്ക്കുന്നതു ഞങ്ങൾ കണ്ടു. അവർ ഞങ്ങളെക്കുറിച്ചു മാത്രം സംസാരിക്കുകയായിരുന്നെന്നു തോന്നുന്നു. അവരെന്തുകൊണ്ടാണിങ്ങനെ പറഞ്ഞതെന്ന് ഞങ്ങൾക്കറിയില്ല. ആദ്യത്തെ കുഞ്ഞിനോട് ആർക്കും തോന്നുന്ന അളവറ്റ വാത്സല്യം ഞങ്ങൾക്കും തോന്നിയിട്ടുണ്ടാവാം. അവന്റെ കുസൃതിത്തരങ്ങളിൽ മതിമറന്ന് അതിൽ പങ്കുകൊള്ളുന്ന ഞങ്ങളെ അവർ ശ്രദ്ധിക്കുകയായിരുന്നിരിക്കാം. അമിത വാത്സല്യം ഏതു നല്ല കുഞ്ഞിനെയും നശിപ്പിക്കുമെന്ന് അവർക്കറിയാമല്ലൊ. ഒരു പക്ഷെ ഉത്തരവാദിത്തമുള്ള നല്ലൊരു ഡോക്ടറുടെ മനോഗതം അവരുടെ മനസറിയാതെ വെളിയിൽ വന്നതാവാം.

ഗൗതമിന് പത്തൊമ്പതു വയസാകുന്നു. ഒരു പള്ളിക്കൂടത്തിലും അവൻ പോയിട്ടില്ല. അവന്റെ സ്വഭാവത്തിലും പഠിത്തത്തിലും ഞങ്ങൾക്കൊരു തൃപ്തിക്കുറവുമില്ല. അവനെക്കുറിച്ച് നാട്ടുകാരും പരാതി പറഞ്ഞിട്ടില്ല. കുട്ടിയെ വാത്സല്ലിക്കുമ്പോഴും നല്ലവഴിവിട്ട് വളരാതിരിക്കാനും ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഡോ. ട്രീസ്സ ഞങ്ങളെ അകത്തേക്കു വിളിച്ചു. ഭാര്യയും ഭർത്താവും ചേർന്നു കാര്യങ്ങൾ വളരെ വിശദമായി പറഞ്ഞു തന്നു. ഭയപ്പെടാനുള്ള കാര്യംതന്നെയാണതെന്ന് വിശദമായ ആ വിവരണങ്ങളിൽനിന്നുതന്നെ ബോധ്യപ്പെട്ടു. പേടിക്കാനില്ലെന്ന് അവരാവർത്തിക്കുമ്പോഴൊക്കെ ഞങ്ങൾക്കു പേടിയായിരുന്നു.

വിദ്യാഭ്യാസം, പ്രകൃതികൃഷി തുടങ്ങി വിവിധ മേഖലകളിൽ അനുകരണിയങ്ങളായ മാതൃകകൾ സൃഷ്ടിച്ച ഗോപാലകൃഷ്ണൻ, വിജയലക്ഷ്മി ദമ്പതിമാർ തങ്ങളുടെ ജീവതാനുഭവങ്ങളും അനുബന്ധ ചിന്തകളും പങ്കുവയ്ക്കുന്നു.

വൃഷണ സഞ്ചിയിലേക്കു കുടലിന്റെ ഒരു ഭാഗം ഇറങ്ങിവരുന്നതാണു പ്രശ്നം. ഒരു ഓപ്പറേഷനിലൂടെ പരിഹരിക്കാവുന്നതേയുള്ളു. ഏതായാലും ഒരു വയസു കഴിയട്ടെ എന്നവർ നിർദേശിച്ചു. തല്ക്കാലത്തേക്കു കഴിക്കാൻ ഒരു മരുന്നുതന്നു. അതിൽനിന്നുതന്നെ ഒരു ഡോസ് മരുന്നു അപ്പോൾതന്നെ കൊടുക്കുകയും ചെയ്തു.

ഞങ്ങൾ വീട്ടിലേക്കു തിരിച്ചു. വൈകുന്നേരമായതോടെ കുഞ്ഞുകുറേശ്ശെ കരയാൻ തുടങ്ങി. വീട്ടിലെത്തിയിട്ടും കുട്ടി കരച്ചിൽ നിർത്തുന്നതേയില്ല. രാത്രിയായതോടെ കരച്ചിൽ വർധിച്ചു. അതൊരിക്കലും പതിവുള്ളതല്ല. കുഞ്ഞു പാലുകുടിക്കാതെ അമ്മയുടെ മടിയിലിരുന്ന് കരച്ചിലോടു കരച്ചിൽ. ശക്തമായ കാരണങ്ങളില്ലാതെ ഒരു കുഞ്ഞും അമ്മയുടെ മടിയിലിരുന്ന് അമ്മിഞ്ഞയുപേക്ഷിച്ചു കരയില്ലല്ലോ.

ഡോ.ഓമന മധുസൂദനൻ തന്ന ശക്തമായ പാഠങ്ങൾ മനസിലുണ്ടല്ലൊ.

ഒരു കുറ്റാന്വേഷണ വിദഗ്ധന്റെ സൂക്ഷ്മതയോടെ ഞങ്ങൾ കാരണങ്ങൾ തിരയാൻ തുടങ്ങി. അന്തരീക്ഷത്തിലെ ശീതോഷ്ണസ്ഥിതിയിലെ വ്യതിയാനം, മുറിവുകൾ, നീറ്റൽ, ഏതെങ്കിലും ജീവിയുടെ കടി, മലബന്ധം, മൂത്ര തടസ്സം, മറ്റേതെങ്കിലും വേദനകൾ, ഇറുകിയ വസ്ത്രങ്ങളോ ആഭരണങ്ങളോ, വിശപ്പ്, ദാഹം, സുരക്ഷിതമല്ലെന്ന തോന്നൽ എന്നിവയൊക്കെ കുഞ്ഞിനെ കരയിക്കാൻ പര്യാപ്തമാണല്ലൊ. ഒരോരോ കാര്യങ്ങൾ അപഗ്രഥിച്ചു വന്നപ്പോൾ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടു. അന്നത്തെ യാത്രയ്ക്കിടയിൽ കുഞ്ഞിനുവേണ്ടി വളരെക്കുറച്ചു 'നാപ്കിനു'കളേ ഉപയോഗിച്ചിട്ടുള്ളു. ഉച്ചകഴിഞ്ഞ് നാപ്കിനുകൾ മാറിയതേയില്ല. അതായത് ഉച്ച കഴിഞ്ഞ് കുഞ്ഞു മൂത്രമൊഴിക്കുകയോ അപ്പിയിടുകയോ ചെയ്തിട്ടില്ല. ഉച്ചകഴിഞ്ഞ് അപ്പിയിടീൽ അത്ര സാധാരണമല്ല. പക്ഷെ മൂത്രമൊഴിക്കലങ്ങിനെയല്ലതാനും.

എന്താണീ മൂത്രതടസത്തിനു കാരണം? അതാലോചിച്ചുകൊണ്ടുതന്നെ കുഞ്ഞിനു മൂത്രമൊഴിക്കാനുള്ള പ്രചോദനം കൊടുക്കണം. നാഭിയിൽ ചന്ദനമരച്ചിട്ടു. രണ്ടുമൂന്നുവട്ടമതു ചെയ്തപ്പോൾ കുഞ്ഞു മൂത്രമൊഴിച്ചു. കരച്ചിലും നിർത്തി.

കുട്ടിക്കുമാത്രമല്ല, ഞങ്ങൾക്കുമാശ്വാസമായി. എങ്കിലും മൂത്രതടസത്തിന്റെ കാരണം കണ്ടെത്താത്തതുകൊണ്ടു മനസിനൊരു സുഖമില്ലായ്മ. അന്നത്തെ ജീവിതചര്യയിൽ എന്തു മാറ്റമാണുണ്ടായത്? കുഞ്ഞിന്റെ മാത്രമല്ല അമ്മയുടെ ജീവിതചര്യയും കുഞ്ഞിന്റെ ശരീരത്തെ ബാധിക്കുന്ന ഘടകമാണ്. മുലകുടിക്കുന്ന കുഞ്ഞിന്റെ ശരീരത്തിന് അമ്മ കഴിച്ച ആഹാരം മുതൽ അമ്മയ്ക്കുണ്ടാകുന്ന വികാരക്ഷോഭം വരെ കാരണമാകുന്നുണ്ട്. പ്രയാസപ്പെട്ടു കരഞ്ഞുകൊണ്ടു കുഞ്ഞിനു പാലുകൊടുക്കുന്ന അമ്മ കുഞ്ഞിന്റെ ശരീരത്തിലേക്കു മുലപ്പാലിനോടൊപ്പം 'അഡ്രിനാലിൻ'കൂടി പകർന്നു കൊടുക്കുന്നുണ്ടത്രെ. അതു കുഞ്ഞിന്റെ ശരീരത്തിൽ നിറപ്പകർച്ച പോലും ഉണ്ടാക്കിയതായി കേട്ടിട്ടുണ്ട്.

കുഞ്ഞ് അന്നു പ്രത്യേകമായി കഴിച്ചിട്ടുള്ളത് ഒരു ഡോസ് മരുന്നു മാത്രമാണ്. ഹെർണിയയ്ക്ക് താല്ക്കാലിക ശമനത്തിനായി ഡോക്ടർ കൊടുത്ത ഒരു ഡോസ് മരുന്ന് മൂത്രതടസമുണ്ടാക്കുമോ? എങ്കിലും കാരണം തിരയുമ്പോൾ സാധ്യതകൾ സകലതും പരിശോധിക്കേണ്ടതുണ്ടല്ലൊ.

'ദി കംപ്ലീറ്റ് ഫാമിലി മെഡിസിൻ ബുക്ക്' എന്നൊരു ചെറുപുസ്തകം ഞങ്ങളുടെ പുസ്തകശേഖരത്തിലുണ്ട്. (The Complete Family Medicine Book by Dr. P.C. Dandiya; Dr. J.S. Bapna; Dr. S.K. Patni - Orient paper backs 36 c. Connaght Palace, New Delhi - 110 001) ഞങ്ങളാ പുസ്തകമെടുത്തു പരിശോധിച്ചു. ഓരോരോ രോഗങ്ങൾക്കും സാധാരണയായി ഉപയോഗിക്കുന്ന ഇംഗ്ലീഷ് മരുന്നുകളും അതിന്റെ ഡോസ്, പ്രതിപ്രവർത്തനങ്ങൾ, എടുക്കേണ്ട മുൻകരുതലുകൾ എന്നിവ അതിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സ്വയം ചികിത്സചെയ്യാനുള്ള ഒരു പുസ്തകമില്ലിത്. അശ്രദ്ധകൊണ്ടോ തിരക്കുകൊണ്ടോ ഓർമക്കുറവുകൊണ്ടോ ഒരു ഡോക്ടർ പറയാൻ വിട്ടുപോയ കാര്യങ്ങൾ പരതിക്കണ്ടുപിടിക്കാൻ ഈ ബുക്ക് നമ്മെ സഹായിക്കുന്നു. വൈദ്യവൃത്തി ഒരു തൊഴിൽ മാത്രമായി താണുപോയ ഇക്കാലത്ത് ഈ പുസ്തകത്തിനു പ്രസക്തിയുമേറുന്നു. ഈ പുസ്തകത്തിൽ ഓരോ മരുന്നിന്റെയും 'ബ്രാൻഡ് നെയിം' 'കെമിക്കൽ നെയിം' എന്നിവ പ്രത്യേകം കൊടുത്തിട്ടുണ്ട്. മരുന്നു കൂടുകളിൽ ഓരോ ചേരുവകളെക്കുറിച്ചു പ്രത്യേകം പറഞ്ഞിട്ടുണ്ടല്ലൊ. ഞങ്ങൾക്കു തന്ന മരുന്ന് എന്താണെന്നും അതിന്റെ ഗുണദോഷങ്ങൾ എന്താണെന്നും പുസ്തകത്തിൽ നോക്കി ഞങ്ങൾ മനസിലാക്കി.

അതിലെ ഒരു ഘടകം മൂത്രതടസമുണ്ടാക്കുന്നതാണ്!

വൃഷണസഞ്ചിയിൽ കുടലിറങ്ങി വന്നു വേദനയും വിഷമവുമുണ്ടാക്കുന്ന ഒരു കുഞ്ഞിന് ഈ മരുന്ന് നിശ്ചയിക്കാമോ? ഇതിനു പകരമായി മൂത്രതടസമുണ്ടാകാത്ത മറ്റു മരുന്നുകൾ കിട്ടാനില്ലെ?

ഡോ. ട്രീസ്സയെപ്പോലെ അവരുടെ ഭർത്താവിനും ഞങ്ങളോടു സ്നേഹമായിരുന്നു. ഞങ്ങളെ വിഷമിപ്പിക്കാനായി ഇതു മനപ്പൂർവം ചെയ്തെന്നും ഞങ്ങൾ കരുതുന്നില്ല. ഒന്നുകിൽ കൈപ്പിഴ അല്ലെങ്കിൽ അലോപ്പതി ചികിത്സയിൽ ഇതൊക്കെ സർവസാധാരണമാണെന്ന തോന്നൽ. ഇത്തരം സാഹചര്യങ്ങളിൽ ഇങ്ങനെയൊരു മരുന്നു കഴിച്ചിട്ടാണു കുട്ടിക്കു മൂത്രതടസമുണ്ടായതെന്ന് എത്രപേർ മനസിലാക്കും? മനസിലായാൽതന്നെ അവർക്കെന്തു ചെയ്യാനാവും? മുമ്പു കണ്ട ഡോക്ടറെ അല്ലെങ്കിൽ മറ്റൊരു ഡോക്ടറെ കണ്ടേപറ്റു. അദ്ദേഹത്തിന് മറ്റൊരു മരുന്നു നിർദേശിക്കാനേ പറ്റു. സ്വന്തമായി തയാറാക്കാനാവാത്ത മറ്റൊരു മരുന്ന്. ആ മരുന്നിനും ഇതുപോലൊരു തകരാറ് ഉണ്ടായിക്കൂടെന്നില്ല. ആയുർവേദ അലോപ്പതിയും തമ്മിലുള്ള പ്രധാന വ്യത്യാസവും ഇതുതന്നെയാണ്. ആയുർവേദ മരുന്നുകളെല്ലാംതന്നെ വലിയ ഫാക്ടറികളിലാണ് ഇന്നു തയാർ ചെയ്യുന്നതെങ്കിലും അതേ മരുന്നുകൾ നമ്മുടെ അടുക്കളയിലും തയാറാക്കാമെന്നതിനു സംശയമേ വേണ്ട. അതിലെ ചേരുവകൾ സ്വയം തിരിച്ചറിഞ്ഞ് സ്വയം പാകപ്പെടുത്താവുന്നതേയുള്ളു. ഇതൊരു വലിയ ഗുണമായി ഞങ്ങൾ കാണുന്നു. എന്നുവച്ച് അലോപ്പതി ചികിത്സ പാടെ തകരാറാണെന്നും അതിന് ഒരു സ്ഥാനവുമില്ലെന്നും ഞങ്ങളൊരിക്കലും പറയുകയില്ല. ഞങ്ങളുടെ ജീവിതത്തിൽത്തന്നെ പല നിർണായക ഘട്ടങ്ങളിലും അലോപ്പതി ചികിത്സയുടെ ഗുണമനുഭവിച്ചവരാണ് ഞങ്ങൾ. തിരക്കുപിടിച്ച ഈ ജീവിതത്തിൽ, അപകടങ്ങളുടെ ഈ പുതുയുഗത്തിൽ അലോപ്പതി ചെയ്യുന്ന സേവനം അതുല്യമാണെന്നു പറയാതെ വയ്യ.

കാര്യങ്ങൾ കൂടുതൽ കൂടുതൽ അറിയുന്തോറും പേടികൂടുകയാണ്. എന്തു ചെയ്യണമെന്ന് ഒരെത്തും തുമ്പും കിട്ടുന്നില്ല. കുഞ്ഞിന് ഓപ്പറേഷൻ ചെയ്തേ പറ്റു. അലോപ്പതിയിൽ മാത്രമേ അതിനു സാധ്യതയുള്ളു. അലോപ്പതി ചികിത്സയിൽ അപകട സാധ്യതകളുമേറെയാണ്. ഞങ്ങളുടെ ധർമ്മസങ്കടങ്ങൾ ഞങ്ങൾ പലരോടും പറയാറുണ്ടായിരുന്നു. അങ്ങിനെയാണ് ഫറോക്കിലെ ഒരു ഹോമിയോ ഡോക്ടറെക്കുറിച്ചറിയാനിടയായത്.

അദ്ദേഹത്തിന്റെ പേരു ഞങ്ങളിന്നോർക്കുന്നില്ല. ചികിത്സാലയം ഫറോക്കിലായിരുന്നു. അദ്ദേഹത്തിന് അന്നുതന്നെ നല്ല പ്രായമുണ്ടായിരുന്നു. വിദേശിയോ ആംഗ്ലോ ഇന്ത്യനോ ആയിരുന്നെന്നാണോർമ്മ. ഒരു മലയാളിയേയോ മറ്റോ വിവാഹം ചെയ്ത് ജീവിക്കുകയായിരുന്നെന്നാണോർമ്മ. അക്കാലത്തവിടെ പ്രശസ്തനായിരുന്നു. പല തീരാരോഗങ്ങളും അത്ഭുതകരമായി ഭേദപ്പെടുത്തിയിട്ടുണ്ടെന്ന് കേട്ടിരുന്നു. അങ്ങിനെ ഞങ്ങളവിടെച്ചെന്നു. കുട്ടിയെ ഒരു മേശയിൽ കിടത്താനാവശ്യപ്പെട്ടു. കുട്ടിയെ തൊട്ടുനോക്കാതെ തന്നെ അദ്ദേഹം നിരീക്ഷിച്ചു.

'ഹെർണിയായണല്ലെ?'

ആ ചോദ്യം ഞങ്ങളെ അത്ഭുതപ്പെടുത്തി. ഏതു രംഗത്തു പ്രവർത്തിക്കുന്നവരും ഇങ്ങനെയായിരിക്കണം. തങ്ങളുടെ പ്രവർത്തനമേഖലയുടെ ആഴങ്ങൾ അളന്നിട്ടുള്ളവരായിരിക്കണം. അതാണ് യഥാർത്ഥ വിദ്യാഭ്യാസവും.

''ഞാനിതിനു ചികിത്സിച്ചിട്ടില്ല. ഹെർണിയയ്ക്ക് എല്ലാവരും ഓപ്പറേഷനാണ് ചെയ്യാറ്'' അദ്ദേഹം സത്യാവസ്ഥ തുറന്നുപറഞ്ഞു. ആ എളിമ ആദരിക്കപ്പെട്ടേ പറ്റു.

ശേഷം അടുത്തലക്കത്തിൽ